ശ്രീ. എ. എ. റഹിം : കയർ വ്യവസായത്തെസംബന്ധിച്ചു പരിചയമില്ലെങ്കിലും കയർ വ്യാപാരത്തിനു ഇതുമൂലം വലിയ നഷ്ടമില്ല എന്നുള്ളതു വ്യക്തമാണു്.

ശ്രീ. യു. നീലകണ്ഠൻ : വളരെയധികം നഷ്ടം ഉണ്ടാകാതിരിക്കത്തക്കവിധം വ്യാപാരം നടത്തുന്നതിനു വേണ്ട നടപടികൾ നടത്താൻ ഭയവുണ്ടാകുമോ ?

ശ്രീ. എ. എ. റഹിം : ഗവണ്മെൻറു അതെക്കുറിച്ചു അന്വേഷിക്കുകയാണു്.

ശ്രീ. യു. നീലകണ്ഠൻ : എന്തുനടപടികളാണു സ്വീകരിക്കുന്നതു് ?

ശ്രീ. എ. എ. റഹിം : തൊണ്ടിന്റെ വില കുറയ്ക്കുക എന്നുള്ളതാണു്.

ഹെൽത്തു് സെൻറർ.

* 41. [13] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തിൽ എത്ര ഗവണ്മെൻറു ഡിസ്പെൻസറികൾ പ്രൈമറി ഹെൽത്തു് സെൻററുകളാക്കി മാറ്റിയിട്ടുണ്ടു്; ഇനി എത്ര എണ്ണം മാറ്റാൻ ഉദ്ദേശിക്കുന്നു; ഏതെല്ലാം;

(ബി) ഒരു ഡിസ്പെൻസറി ഹെൽത്തു സെൻറർആക്കി മാറ്റുന്നതുമൂലം ഗവണ്മെൻറിനു് പ്രതി വർഷം എത്ര രൂപ കൂടുതൽ ചെലവു വരും ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഈ സാമ്പത്തിക വർഷത്തിൽ രണ്ടു ഡിസ്പെൻസറികൾ പ്രൈമറി ഹെൽത്തുയൂണിറ്റുകളാക്കി. ഇനിയും 20 ഡിസ്പെൻസറികൾ കൂടി പ്രൈമറി ഹെൽത്തു യൂണിറ്റുകളാക്കി മാറ്റുന്നതാണു്.

(ബി) ഒരു ഡിസ്പെൻസറി ഹെൽത്തുയൂണിറ്റാക്കി മാറ്റുന്നതിനു പതിനായിരം രൂപയിൽ കൂടുതൽ ചെലവുവരും.

ശ്രീ. ഡി. വിവേകാനന്ദൻ: അവ ഇക്കൊല്ലം തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ഈ കൊല്ലം തുടങ്ങും.

ശ്രീ. ഡി. വിവേകാനന്ദൻ : അതിനെ സംബന്ധിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : മാർച്ചുമാസം അവസാനിക്കുന്നതിനു മുമ്പു തുടങ്ങും. എന്നു തീരുമെന്നു് പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഇപ്പോൾ മാറ്റിയ രണ്ടു യൂണിറ്റുകൾ എവിടെയെല്ലാമാണു്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹിം : വിഴിഞ്ഞം, തുറവ്ക്കൽ ഈ സ്ഥലങ്ങളിലാണ്.

ശ്രീ. ടി. കെ. ദിവാകരൻ : ഈ 20 ഡിസ്പെൻസറികളും മാറ്റുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എ. എ. റഹിം : ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഈ ഹെൽത്തുയൂണിറ്റുകളിലെ ഡാക്ടറന്മാരെയും മറ്റും മാറ്റുന്നതും നിയമിക്കുന്നതും ആരാണ് ?

ശ്രീ. എ. എ. റഹിം : പബ്ലിക്ക് ഹെൽത്ത് ഡയറക്ടറാണ്. എന്നാൽ സർജൻജനറൽക്കുടി അറിയേണ്ടതായിട്ടുണ്ടിരിക്കുന്നതു്. അങ്ങനെയുള്ള സന്ദർഭങ്ങളും ഉണ്ടാകും. അതു് മെഡിക്കൽ ഡിപ്പാർട്ടുമെന്റിൽനിന്നും പബ്ലിക്കുഹെൽത്ത് ഡിപ്പാർട്ടുമെന്റിലേക്കു് നിയമനം നടത്തുമ്പോളാണ്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : അതല്ല, ഞാൻ ചോദിച്ചതു്. ഹെൽത്തുയൂണിറ്റുകളിലെ നിയമനവും സ്ഥലംമാറ്റവും ആരാണു നടത്തുന്നതു് എന്നാണു്.

ശ്രീ. എ. എ. റഹിം : പബ്ലിക്ക് ഹെൽത്ത് ഡയറക്ടറാണ്.

ശ്രീ. ജോസഫ് ചാഴിക്കാടൻ : അങ്ങനെയല്ലാതെ ഉഴമലക്കൽ എന്ന സ്ഥലത്തു് പബ്ലിക്ക്ഹെൽത്ത് ഡയറക്ടരോടു ചോദിച്ചു സർജൻ ജനറൽ നടത്തിയതായറിയാമോ ?

ശ്രീ. എ. എ. റഹിം : അതു ശരിയായിരിക്കുകയില്ല

ശ്രീ. പ്രാക്കുളം ഭാസി : സെക്കണ്ടറി ഹെൽത്തുസെൻറുകളും ഈ വർഷത്തിൽ തുടങ്ങാനുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. എ. എ. റഹിം : ഇല്ല.

ഇൻഷ്വറൻസ് ദേശസാൽക്കരണം.

* 42. [14] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഷ്വറൻസ് ദേശസാൽക്കരണംമൂലം സ്റ്റേറ്റ് ഗവണ്മെൻറിനു എന്തെങ്കിലും വരുമാനം ഉണ്ടോ ;

(ബി) ദേശസാൽക്കരിക്കപ്പെട്ടുന്ന കമ്പനികളിലെ പോളിസിഹോൾഡേഴ്സിൽനിന്നും ഇവിടെ പിരിയുന്ന പ്രീമിയം സംസ്ഥാനത്തിനകത്തു തന്നെ സക്കുലേറ്റ് ചെയ്യത്തക്കവിധം ആവശ്യമായ വ്യവസ്ഥകളുണ്ടാക്കുന്ന കാര്യം ഈ ഗവണ്മെൻറിന്റെ പരിഗണനയിലുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) : (എ) ഇൻഷ്വറൻസ് ദേശസാൽക്കരണംമൂലം സ്റ്റേറ്റ് ഗവണ്മെൻറിനു യാതൊരു വരുമാനവും ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly